"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീമതി താഹിറയ്ക്ക് ഐ.എ.വൈ. പദ്ധതി പ്രകാരം ലഭിച്ച വീട്, ധനസഹായമായി കൈപറ്റിയ മുതൽ മാത്രം തിരിച്ചടച്ച് പലിശ ഒഴിവാക്കിക്കൊണ്ട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3060/2025/LSGD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1185/2024/ത.സ്വ.ഭ.വ. തീയതി 01.07.2024
2. സ.ഉ.(സാധാ) നം.2495/2024/ത.സ്വ.ഭ.വ. തീയതി 19.12.2024
3. ശ്രീമതി താഹിറ, w/o മുഹമ്മദ്, ശ്രീ. കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ. മുഖാന്തരം 08.05.2025 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.08.2025 ലെ LSGD/PD/21415/2025-CSSA2 നമ്പർ കത്ത്

**ഉത്തരവ്**

2016-17 സാമ്പത്തിക വർഷത്തിൽ IAY പദ്ധതി പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വീട് അനുവദിച്ച്, പണി പൂർത്തീകരിച്ച ശ്രീമതി താഹിറ, പള്ളിക്കൽ വീട്, എടവനക്കാട് കരാർ കാലാവധിക്ക് മുൻപ് വീടും സ്ഥലവും വില്പന നടത്തുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിർമ്മിക്കുന്ന വീടുകൾ 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുതെന്നുള്ള ഉത്തരവുമായി ബന്ധപ്പെട്ട് ടി കാലപരിധി 7 വർഷമായി കുറയ്ക്കുകയും ബാക്കിയുള്ള കാലത്തേക്ക് അവർ ഏർപ്പെട്ടിട്ടുള്ള കരാർ യഥാവിധി റദ്ദ് ചെയ്ത് നൽകുന്നതിനും സ്ഥലത്തിന്റെ രേഖകൾ വാങ്ങി വച്ചിട്ടുണ്ടെങ്കിൽ ഏഴ് വർഷം കഴിഞ്ഞവർ ക്ക് ആയത് തിരികെ നൽകുന്നതിനും ഉത്തരവായിട്ടുള്ള പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ശ്രീമതി താഹിറ, ഭൂമിയും വീടും വിൽക്കുന്നതിനായി മറ്റൊരാളുമായി ആറുമാസത്തെ കരാറിൽ ഏർപ്പെടുകയും

അഡ്വാൻസ് ആയി ലഭിച്ച തുക ബാങ്കിലെ കടം വീട്ടുന്നതിന് ഉപയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ രജിസ്ട്രേഷനു വേണ്ടി രജിസ്ട്രാറെ സമീപിച്ചപ്പോൾ, ഭവനപദ്ധതി കരാർ കാലാവധി വീണ്ടും 12 വർഷമാക്കി പരാമർശം 2 പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ രജിസ്ട്രേഷൻ നടത്തുവാനോ, വീട് വിൽക്കുവാനോ കഴിഞ്ഞില്ല. ഭർത്താവ് മരണപ്പെട്ടതിനാൽ വീട് വില്പനയുമായി ബന്ധപ്പെട്ട് അഡ്വാൻസ് വാങ്ങിയ തുക തിരികെ നൽകുവാനും സാധിച്ചില്ല. ടിയാളുടെ കുടുംബത്തിന്റെ സാമ്പത്തിക അവസ്ഥ പരിഗണിച്ച്, വീട് വിൽപ്പനയുമായി ബന്ധപ്പെട്ട് വാങ്ങിയ തുക തിരിച്ചടയ്ക്കാൻ യാതൊരു നിർവാഹവുമില്ലാത്ത സാഹചര്യത്തിൽ, വസ്തുവും വീടും വില്പന നടത്തുന്നതിനുള്ള ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എറണാകുളം ദാരിദ്ര്യ ലഘൂകരണ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ ശിപാർശചെയ്തിട്ടുണ്ട് എന്നും ശ്രീമതി താഹിറയുടെ അപേക്ഷയിൽ അനുകൂലമായ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി താഹിറ, പള്ളിക്കൽ വീട്, എടവനക്കാട് -ന് ഐ.എ.വൈ. പദ്ധതി പ്രകാരം ലഭിച്ച വീട്, ധനസഹായമായി കൈപറ്റിയ മുതൽ മാത്രം തിരിച്ചടച്ച് പലിശ ഒഴിവാക്കി കൊണ്ട്, വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ശ്രീമതി താഹിറ, W/0 മുഹമ്മദ്, പള്ളിക്കൽ വീട്, എടവനക്കാട് പി.ഒ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്) ,കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 24-12-2025 14:52:55

സെക്ഷൻ ഓഫീസർ